LITTLE KITES AVSGHSS KARIVELLUR

# ചിറകുകൾ

2025 JULY
01
TUESDAY

## സ്കൂൾ പ്രവേശനോത്സവം

## അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം

### പുതിയ അധ്യയന വർഷാരംഭം

# സ്കൂൾ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു

### ഒന്നിച്ച് ഒന്നായി ഒന്നാവാം

കരിവെള്ളൂർ ഏ വി സ്മാരക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഒരുക്കിയ പ്രവേശനോത്സവം നവാഗതർക്ക് വേറിട്ട അനുഭവമായി. ജൂൺ രണ്ടിന് സ്കൂൾ അങ്കണത്തിൽ വെച്ച് ജില്ലാ പഞ്ചായത്ത് മെമ്പർ എം രാഘവൻ ഈ വർഷത്തെ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു. സ്കൂൾ എച്ച് എം ഇൻ ചാർജ് പുഷ്പ കെ ഒ വി, സ്റ്റാഫ് സെക്രട്ടറി കെ സന്തോഷ്, സ്കൂളിലെ സീനിയർ അധ്യാപകനായ എ രാകേഷ് വിദ്യാലയത്തിന്റെ പിടിഎ പ്രസിഡണ്ട് കെ രമേശൻ മദർ പിടിഎ പ്രസിഡണ്ട് കെ വി പ്രീത തുടങ്ങിയവർ എട്ടാം ക്ലാസിൽ അഡ്മിഷൻ തേടി എത്തിയ കുട്ടികൾക്ക് ആശംസകൾ നേർന്നു. ഈ വർഷം വിദ്യാലയത്തിൽ അഡ്മിഷൻ തേടിയെത്തിയ 484 ഓളം കുട്ടികൾക്ക് എസ് പി സിയുടെ നേതൃത്വത്തിൽ ആശംസ കാർഡ് വിതരണം ചെയ്തു. രക്ഷിതാക്കളും അധ്യാപകരും കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് അംഗങ്ങളും പങ്കെടുത്ത പ്രവേശനോത്സവ പരിപാടി കുട്ടികൾക്ക് വേറിട്ട അനുഭവമായി.



സ്കൂൾ ഗ്രൗണ്ട് പ്രവർത്തനത്തിനായി രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ കരിവെള്ളൂർ ഫെസ്റ്റ് സംഘാടക സമിതിയിൽ നിന്നും ഏറ്റുവാങ്ങുന്നു

### വായനാപക്ഷാചരണം

ജൂൺ 19 വായന ദിനത്തോടനുബന്ധിച്ച് എ വി എസ് ജി എച്ച് എസ് എസ് കരിവെള്ളൂരിൽ വായന പക്ഷാചരണത്തിന് തുടക്കമായി. സീനിയർ അസിസ്റ്റൻ്റ് എ രാകേഷ് പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു. വിദ്യാരംഗം കോ-ഓഡിനേറ്റർ പ്രകാശിനി ടീച്ചർ സ്വാഗതം പറഞ്ഞു. സ്റ്റാഫ് സെക്രട്ടറി കെ സന്തോഷ് എസ് ആർ ജി കൺവീനർ കെ വി ലൈല ഹിന്ദി വിഭാഗം അധ്യാപകൻ കെ പി രമേശൻ , ഇംഗ്ലീഷ് വിഭാഗം അധ്യാപിക പി വി വസന്ത, മലയാളം വിഭാഗം അധ്യാപിക പുഷ്പ കെ ഒ വി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പത്താം തരം വിദ്യാർത്ഥി അനികേത് എൻ കുട്ടികൾക്ക് വായനാദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എം പി അനുശ്രീ പി എൻ പണിക്കർ അനുസ്മരണ ഭാഷണം നടത്തി.




അമേയ എസ് വർമ്മ 'സുധാമേനോന്റെ ചരിത്രം അദൃശ്യമാക്കിയ മുറിവുകൾ ' എന്ന പുസ്തകം പരിചയപ്പെടുത്തി. ചടങ്ങിന് അനുനന്ദ ടി പി നന്ദി പറഞ്ഞു.

### ബാലവേല വിരുദ്ധ ദിനാചാരണം

കരിവെള്ളൂർ എ വി സ്മാരക ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിലെ സൈക്കോസോഷ്യൽ കൗൺസിലിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ബാലവേല വിരുദ്ധ ദിനാചാരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായ് കളിമൺ ശില്പനിർമാണം സംഘടിപ്പിച്ചു. 12/06/2025 ന് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പരിപാടിയിൽ 9 കുട്ടികൾ പങ്കെടുത്ത് ശില്പങ്ങൾ നിർമിച്ചു. അധ്യാപികയായ ചാന്ദിനി ടീച്ചർ കുട്ടികൾക്ക് ശില്പനിർമ്മാണത്തിനു ആവശ്യമായ നിർദേശങ്ങൾ നൽകി. ഹെഡ് മാസ്റ്റർ ലക്ഷ്മണൻ മാസ്റ്റർ ദിനാചാരണത്തിന്റെ



പ്രാധാന്യത്തെ കുറിച്ച് കുട്ടികളുമായി സംവദിച്ചു. സ്കൂളിലെ സാമൂഹ്യ ശാസ്ത്ര അധ്യാപകൻ വിനോദ് മാസ്റ്റർ, സ്കൂൾ കൗൺസിലർ ലതിക എന്നിവർ പരിപാടിയിൽ പങ്കെടുത്തു സംസാരിച്ചു. വ്യത്യസ്തമായ ശില്പങ്ങൾ നിർമ്മിച്ച് കുട്ടികൾ പരിപാടി മികവുറ്റതാക്കി.

## ജൂൺ 21 ലോക സംഗീത ദിനം - അന്താരാഷ്ട്ര യോഗാ ദിനം.

കരിവെള്ളൂരിന്റെ അഭിമാനമായ സംഗീതപ്രതിഭ, പടന്ന MRVHSS ലെ റിട്ട. പ്രിൻസിപ്പാൾ ശ്രീ ഈശ്വരൻ നമ്പൂതിരി പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. പ്രസ്തുത ചടങ്ങിൽ വെച്ച് സംഗീതം ജീവതാളമാക്കിയ, ഒട്ടുമിക്ക സംഗീത ഉപകരണങ്ങൾ അനായാസേന കൈകാര്യം ചെയ്യുന്ന അതുല്യ കലാകാരൻ, മാപ്പിള കലാശാല പുരസ്കാര ജേതാവ് ശ്രീ റസാഖ് കരിവെള്ളൂരിനെ വിദ്യാലയം ആദരിച്ചു. സ്കൂളിലെ യോഗ പരിശീലനം നേടിയ വിദ്യാർത്ഥികളുടെ വിസ്മയ പ്രകടനം അരങ്ങേറി. വിദ്യാലയത്തിലെ കുട്ടികളൊരുക്കിയ ഗാനമേള, വൃന്ദവാദ്യത്തിൽ ഒരുക്കിയ മ്യൂസിക്കൽ ഇൻസ്ട്രുമെന്റൽ ഫ്യൂഷൻ സംഗീതം, വിവിധ കലാപരിപാടികൾ തുടങ്ങിയവ കൊണ്ട് ഈ ദിനം ആസ്വാദക ഹൃദയങ്ങളെ കീഴടക്കി





## ജൂൺ 26: അന്താരാഷ്ട ലഹരി വിരുദ്ധ ദിനം

### ലഹരി വിമുക്ത വിദ്യാലയം പ്രഖ്യാപനം

"ജീവിതമാണ് ലഹരി, ലഹരിയല്ല ജീവിതം"



അന്താരാഷ്ട ലഹരി വിരുദ്ധദിനത്തിൽ ഏ.വി.സ്മാരക ഗവ. ഹയർസെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ ലഹരി വിമുക്ത വിദ്യാലയമായി കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഏ.വി ലേജൂ പ്രഖ്യാപനം നടത്തി.



ചടങ്ങിൽ വാർഡ് മെമ്പർ ശ്രീ.പി.വി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്കൂൾ ഹെഡ്മാസ്റ്റർ എം.ലക്ഷ്മണൻ മാസ്റ്റർ സ്വാഗതം ആശംസിച്ചു. പി.ടി.എ പ്രസിഡന്റ് കെ.രമേശൻ, ഹെൽത്ത് ഇൻസ്പെക്ടർ മഹേഷ് എന്നിവർ ആശംസകളർപ്പിച്ച പരിപാടിക്ക് സ്കൂളിലെ സീനിയർ അസിസ്റ്റന്റ് എ.രാകേഷ് മാസ്റ്റർ നന്ദി രേഖപ്പെടുത്തി.

• തുടർന്ന് കൂത്തുപറമ്പ് മലയാള കലാനിലയം വേദിയിൽ അവതരിപ്പിച്ച ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശം നൽകുന്ന 'ജീവിത ലഹരി' ഓട്ടൻതുള്ളൽ ശ്രദ്ധേയമായ പരിപാടിയായി മാറി. ദിനചാരണത്തിന്റെ ഭാഗമായി സ്കൂളിലെ സൈക്കോ സോഷ്യൽ കൗൺസിലിങ് സെന്റർ, വിമുക്തി ക്ലബ്, സ്കൗട്ട് & ഗൈഡ്സ് സംയുക്തമായി സംഘടിപ്പിച്ച ലഹരി വിരുദ്ധ ദിനബോധവത്കരണ പരിപാടിയിൽ വിദ്യാർത്ഥികൾ അവതരിപ്പിച്ച മൈം ഷോ, നൃത്തശില്പം, സുംബാ ഡാൻസ് തുടങ്ങിയവ ഏറെ ശ്രദ്ധേയമായി

## പാഴ് വസ്തുക്കളിൽ വിസ്മയം തീർത്ത് സ്കൗട്ട് &ഗൈഡ്സ്

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് AVSGHSS കരിവെള്ളൂരിലെ സ്കൗട്ട്സ് & ഗൈഡ്സ് പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗ പ്രദമായ വസ്തുക്കൾ നിർമിച്ചു. പയ്യന്നൂർ L A സെക്രട്ടറി P C ജയസൂര്യൻ, സ്കൂൾ സ്കൗട്ട് ക്യാപ്റ്റൻ രമേശൻ മാഷ് എന്നിവർ നേതൃത്വം നൽകി. ഗൈഡ് ക്യാപ്റ്റൻ ചാന്ദ്നി ടീച്ചർ ക്ലാസുകൾ കൈകാര്യം ചെയ്തു.




## മാമ്പഴമധുരമിനി വരും തലമുറകളിലേക്ക്

കരിവെള്ളൂർ: കരിവെള്ളൂർ കൃഷിഭവന്റെ നേതൃത്വത്തിൽ എ.വി. എസ്. ജി.എച്ച്. എസ്. എസ്സിൽ 'തലമുറകൾക്ക് മാമ്പഴ മധുരം 'പരിപാടിക്ക് തുടക്കം കുറിച്ചു. കരിവെള്ളൂർ- പെരളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ. വി. ലേജു ഒട്ടുമാവിൻ തൈ നട്ടു പദ്ധതിക്ക് തുടക്കം കുറിച്ചു. കരിവെള്ളൂർ കൃഷിഭവനിലെ കൃഷി ഓഫീസർ നമിത രഘുനാഥ്, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്യാമള ,. വാർഡ് മെമ്പർ പി. വി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ, സ്കൂൾ ഹെഡ്മാസ്റ്റർ എം ലക്ഷ്മണൻ, കാർഷിക ക്ലബ് കൺവീനർ പി. വി. വസന്ത സീഡ് കോർഡിനേറ്റർ കെ. രാജശ്രീ, എന്നിവർ പരിപാടിയിൽപങ്കെടുത്തു.



## പരിസ്ഥിതി ദിനസന്ദേശവുമായി സീഡ് ക്ലബ്

ജൂൺ 5 പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി പരിസ്ഥിതി ദിന സന്ദേശം ഉൾക്കൊണ്ടുകൊണ്ട് വിദ്യാലയത്തിൽ ചേർന്ന പ്രത്യേക അസ്സംബ്ലിയിൽ പത്താംതരം വിദ്യാർത്ഥിനി അനനന്ദ ടി. പി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. 10 E യിലെ എസ്.വൃന്ദ പരിസ്ഥിതി ദിന സന്ദേശം കൈമാറി. തുടർന്ന് സീഡ് ക്ലബ്, ഗ്രീൻ ആർമി അംഗങ്ങൾ കപ്പ നട്ടുകൊണ്ട് കാർഷിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.






STEPS പയ്യന്നൂർ മണ്ഡലം സമഗ്ര വിദ്യാഭ്യാസ പദ്ധതി വിജയോത്സവം 2025 100% വിജയം നേടിയ സ്കൂളിനുള്ള അംഗീകാരം ബഹുമാനപ്പെട്ട PTA പ്രസിഡന്റ് രമേശൻ കെ HM ലക്ഷ്മണൻ മാഷും ചേർന്ന് സ്വീകരിക്കുന്നു

## താലൂക്ക് തല ക്വിസ് മത്സര വിജയികൾ

ജൂലൈ 6 ലോക ജന്തുരോഗജന്യദിനാ ചരണത്തിന്റെ ഭാഗമായി ഇന്ത്യൻ വെറ്റിനറി അസോസിയേഷൻ കേരള ഘടകം ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി തളിപ്പറമ്പ് മൂത്തെടത്ത് ഹൈസ്കൂളിൽ വെച്ച് നടത്തിയ താലൂക്ക് തല ക്വിസ് മത്സരത്തിൽ കരിവെള്ളൂർ എ വിഎസ് ജി എച്ച് എസ് ലെ ഒമ്പതാം വിദ്യാർത്ഥികളായ വസുദേവ് ആർ നായർ ഒന്നാം സ്ഥാനവും ശ്രേയലക്ഷ്മി രണ്ടാം സ്ഥാനവും നേടി ജില്ലാതല മത്സരത്തിന് യോഗ്യത നേടി



വസുദേവ് ആർ നായർ



ശ്രേയലക്ഷ്മി

## സംസ്ഥാന തല പ്രഭാഷണമത്സരത്തിലെ വിജയികൾ

തൃശൂർ ജില്ലയിലെ കഴിമ്പ്രം ഗ്രാമത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന നാട്ടുകാര്യം പത്ര മാസിക സംസ്ഥാന തലത്തിൽ നടത്തിയ വൈക്കം മുഹമ്മദ് ബഷീർ പ്രഭാഷണത്തിൽ ഒന്നാം സ്ഥാനം നേടിയത് അനശ്രീ എം പി, രണ്ടാം സ്ഥാനം അനികേത്.എൻ, മൂന്നാം സ്ഥാനം. ഗയ എം മൂന്ന് കുട്ടികളും കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ എ വി എസ് ജി എച്ച് എസ് എസ് ലെ വിദ്യാർഥികളാണ്



അനശ്രീ എം പി



അനികേത്.എൻ



ഗയ എം

## അന്താരാഷ്ട്ര യോഗ ദിനം ഓൺലൈൻ ക്വിസ് മത്സര വിജയികൾ

ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ ഭാഗമായി പെരളം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി നടത്തിയ ഓൺലൈൻ ക്വിസ് മത്സരത്തിന്റെ ഫൈനൽ റൗണ്ടിൽ കരിവെള്ളൂർ എ വി എസ് ജിഎച്ച്എസ്എസ് ഒമ്പതാം തരം വിദ്യാർത്ഥികളായ ദേവജിത്ത് രാജ് കെ ആർ, നൈമിക എം എന്നിവരെ വിജയികളായി തെരഞ്ഞെടുത്തു



ദേവജിത്ത് രാജ് കെ ആർ



നൈമിക എം

## ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ പൂർത്തിയായി

എ വി സ്മാരക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഈ വർഷം അഡ്മിഷൻ നേടിയ എട്ടാം ക്ലാസിലെ വിദ്യാർത്ഥി കൾക്കുള്ള ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ സ്കൂൾ ഐടി ലാബിൽ ജൂൺ 25 ന് നടന്നു 263 കുട്ടികളാണ് പരീക്ഷ എഴുതിയത്. വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ചാർജുള്ള അധ്യാപകർ പരീക്ഷയ്ക്ക് നേതൃത്വം നൽകി





## എസ് പി സി യുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

ജൂൺ 3 മുതൽ 13 വരെ സർക്കാറിന്റെ നിർദ്ദേശ പ്രകാരം വിവിധ വിഷയങ്ങളെ ആസ്പദമാക്കി (മയക്കുമരുന്ന്/ ലഹരി ഉപയോഗം/ റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/ ട്രാഫിക് നിയമങ്ങൾ/ ശുചിത്വം / ആരോഗ്യം / വ്യായാമം ഡിജിറ്റൽ അച്ചടക്കം/ പൊതുമുതൽ സംരക്ഷണം തുടങ്ങി വിവിധ വിഷയങ്ങളുടെ സ്ഥാനമാക്കി (8.9.10 ക്ലാസുകളിലെ മുഴുവൻ ഡിവിഷനുകളിലും 32 ഡിവിഷൻ) എസ് പി സി 46 സീനിയർ കേഡറ്റുകളുകൾ ബോധവൽക്കരണ ക്ലാസുകളും നൽകി.





## ജൂൺ 26 ലഹരി വിരുദ്ധ ദിനം സന്ദേശവുമായി എസ് പി സി കേഡറ്റുകൾ

ജൂൺ 26 ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് സ്കൂളിൽ ലഹരി വിരുദ്ധ പ്രതിജ്ഞ, പ്ലക്കാർഡുകൾ പ്രദർശനം സ്കൂളിലെ എസ് പി സി കേഡറ്റുകളുടെ നേതൃത്വത്തിൽ നടന്നു.